# ശുദ്ധവും നിർമ്മലവുമായ ദൈവഭക്തി

**യാക്കോബ് 1:27**

''പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ: അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു''.

''വിശുദ്ധി'' അഥവാ ''നിർമ്മലത'' എന്ന പദത്തിന് മൂല്യം കുറഞ്ഞുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ആയിരിക്കുന്നത്. വ്യക്തിബന്ധങ്ങളും, ഉത്തരവാദിത്വങ്ങളും അതിന്റേതായ മനോഹരിതയിൽ പുലർത്താൻ ഇന്ന് സാധിക്കാതെ പോകുന്ന ഒരു തലമുറ. അതിന്റെ നടുവിലും ഭക്തിയുടെ പരിവേഷം. വെറും വാക്കുകളിലും പ്രകടനങ്ങളിലും മാത്രമായി ഭക്തിയും, സ്നേഹവും ഒതുങ്ങിപ്പോകുന്നു. നാം കണ്ട ലേഖനഭാഗം ദൈവജന ത്തോടുള്ള വലിയ ഒരു താക്കീത് ആകുന്നു. ''ശുദ്ധവും നിർമ്മലവുമായ ദൈവഭക്തി'' പുലർത്താൻ കഴിയുക എന്നതാണ് ഏറ്റം ഭാഗ്യകരമായ അവസ്ഥ.

മാതാപിതാക്കൾക്ക് തങ്ങളുടെ മക്കളെ വേണ്ടുംവണ്ണം സംരക്ഷിക്കാൻ സാധിക്കുന്നില്ല. വൃദ്ധരായ മാതാപിതാക്കളെ പരിപാലിക്കാൻ മടിക്കുന്നതായ മക്കൾ. എത്ര ശോചനീയ മായ അവസ്ഥ. അങ്ങനെയെങ്കിൽ അനാഥരായവരുടെയും വിധവമാരുടെയും കാര്യം ചിന്തിക്കുകയേ വേണ്ട. ആവശ്യഭാരത്തിലും, ബലഹീനതയിലും ഇരിക്കുന്ന ജനത്തിന്റെ ഇടയിലേക്ക് ഒന്ന് കണ്ണോടിക്കാൻ ഇടയാകട്ടെ. തിരക്കേറിയ ജീവിതഭാരങ്ങളുടെ നടുവിൽ ഒരു നിമിഷം ഹൃദയപൂർവ്വം അവരെ ഓർക്കാം. പ്രാർത്ഥനയിൽ ഉയർത്താം.

ജീവിതമൂല്യങ്ങളിൽ പ്രാധാന്യം ഇല്ലാതെ മ്ലേച്ഛകരമായി ഓടുന്ന ലോകത്തിന്റെ നടുവിൽ വിശുദ്ധിയും വേർപാടും പാലിക്കാൻ ദൈവകൃപ ധാരാളമായി യാചിക്കേണ്ടിയിരിക്കുന്നു. ''വേർപാട്'' പല വ്യാഖ്യാനങ്ങളും അതിന് നൽകാം. എന്നാൽ ശുദ്ധവും നിർമ്മലവുമായ ഭക്തി, പാപത്തിൽനിന്നും, പാപസ്വഭാവങ്ങളിൽനിന്നും നമ്മെ പ്രലോഭിപ്പിക്കുന്നതായ സകലത്തിൽനിന്നും മലിനപ്പെടുത്താതെ കാത്തു സൂക്ഷിക്കും എന്നതാകുന്നു. യാക്കോബിന്റെ ലേഖനം നമ്മെ ഓർപ്പിക്കുന്ന ഒരു കാര്യം കൂടിയുണ്ട് ''നാവിന് കടിഞ്ഞാ ണിടാതെ ഹൃദയത്തെ വഞ്ചിച്ചുകൊണ്ട് ഞാൻ ഭക്തൻ എന്നു നിരുപിച്ചാൽ അവന്റെ ഭക്തി വ്യർത്ഥം അത്രേ.'' വാക്കുകൾകൊണ്ട് ആശ്വാസം ഏകുമ്പോൾ, ദൈവീക ശുശ്രൂഷയിൽ ഭാഗഭാക്കുകളാകുമ്പോൾ ഹൃദയപൂർവ്വംതന്നെ കർത്താവിന്റെ സ്നേഹത്തിൽ ആകട്ടെ.

ഈ ലോകത്തിനു മുമ്പിൽ പ്രകടനങ്ങളാൽ നമുക്ക് ഭക്തരാകാം. എന്നാൽ കർതൃസന്നി ധിയിൽ എത്തുമ്പോൾ യാഥാർത്ഥ്യത്തെ പൂർണ്ണതോതിൽ മനസ്സിലാക്കാൻ സാധിക്കും.

1 തെസ്സ.4:3 "ദൈവത്തിന്റെ ഇഷ്ടമോ നമ്മുടെ ശുദ്ധീകരണം തന്നെ." ശുദ്ധീകരണം കൂടാതെ കർത്താവിനെ ആർക്കും കാണാൻ കഴിയില്ല. 1 തീമോ.1:7 –ൽ വചനം വാഗ്ദത്തം തരുന്ന മൂന്ന് കാര്യങ്ങളുണ്ട് – ശക്തിയുടെ ആത്മാവ്, സ്നേഹത്തിന്റെ ആത്മാവ്, സുബോധത്തിന്റെ ആത്മാവ്. സ്നേഹത്തിൽ അധിവസിച്ചുകൊണ്ട്, പരിശുദ്ധാത്മശക്തിയിൽ ബലപ്പെട്ട്, സുബോധത്തിൽ ജീവിക്കാൻ ഇടയായാൽ ഒരു ദൈവപൈതലിന്റെ ജീവിതം ധന്യമായി. അവന് വിശുദ്ധിയിൽനിന്ന്, വിശുദ്ധിയിലേക്ക് ദിനംതോറും വളർന്ന് യഥാർത്ഥ ദൈവഭക്തനായി തീരാൻ സാധിക്കും.

കർത്താവിനെ ദിനംതോറും കാണുന്ന ഒരു അനുഭവത്തിൽ, നിത്യതയോളം എത്താൻ വിശുദ്ധ ജീവിതം നമ്മെ സഹായിക്കട്ടെ.

പരാമർശം :
1തെസ്സലൊനീക്യർ 4:7,8
ദൈവം നമ്മെ അശുദ്ധിക്കല്ല വിശുദ്ധീകരണത്തിന്നത്രേ വിളിച്ചതു. ആകയാൽ തുച്ഛീകരിക്കുന്നവൻ മനുഷ്യനെ അല്ല, തന്റെ പരിശുദ്ധാത്മാവിനെ നിങ്ങൾക്കു തരുന്ന ദൈവത്തെ തന്നേ തുച്ഛീകരിക്കുന്നു.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 018**